(ബി) ബറ്റാലിയനുകളിലെ പ്രൊമോഷൻ സാധ്യതകളെക്കുറിച്ച് പഠനം നടത്തുന്ന അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ റിപ്പോർട്ട് കിട്ടിയാലുടൻ അനന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) 25-9-2000-ലെ ജി.ഒ. (എംഎസ്.) 534/2000/ജി.എ.ഡി. ഉത്തരവുപ്രകാരം ബറ്റാലിയനുകളിൽ ഉള്ളവർക്ക് ഐ.പി.എസ്. കൊടുക്കുന്ന രീതി നിർത്തലാക്കിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ആരും ഇല്ല.

എസ്.എ.പി.-യിലേക്കുള്ള നിയമനങ്ങൾ

35 [3086] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എ.പി.-യിലേയ്ക്ക് പി.എസ്.സി. റാങ്കു ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) നിയമന നിരോധന കാലയളവിലെ ഒഴിവുകൾ കൂടിച്ചേർത്ത് ഈ ലിസ്റ്റിലെ മുഴുവൻ പേർക്കും നിയമനം ലഭിക്കുമോ?

ഉത്തരം

(എ) എസ്.എ.പി.-യിലേക്ക് പി.എസ്.സി. റാങ്കു ലിസ്റ്റിൽ നിന്നും ഇതുവരെ (2002 മുതൽ 2005 വരെ) 652 പോലീസ് കോൺസ്റ്റബിൾമാരെ നിയമിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

കേരളത്തിലെ തീവ്രവാദ പ്രവർത്തനം

36 [3087] ശ്രീ. ബിനോയ് വിശ്വം:

" പി. എസ്. സുപാൽ:

" മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീവ്രവാദി വിഭാഗങ്ങളുടെ സാന്നിദ്ധ്യം ഇല്ലായ്മ ചെയ്യുന്നതിന് പ്രതിരോധ നടപടികൾ സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റിന് കേന്ദ്ര നിർദ്ദേശമുണ്ടായിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര തീവ്രവാദ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്; പുതിയ എത്ര വിഭാഗങ്ങൾ കേരളത്തെ ലക്ഷ്യമിടുന്നതായിട്ടാണ് വിവരം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly